# കശ്മലൻ

**(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc.., Ph.D.*)**

അന്ത്യശ്വാസ കോട്ടുവായുവിൽ
അമ്മിഞ്ഞ മണമുള്ളമ്മ മുരളവേ
മസ്തിഷ്ക്കാഘാത തലപ്പെരുപ്പിൽ
താടികോട്ടി ഹൃദയം ത്രസിക്കെ
വലം തലച്ചോറാമർദ്ധഗോളം
ഇടംപക്ഷപാത മരവിപ്പാകെ
കാറുകോരി വൈദ്യുതീനാളം
പ്രാണവായൂയന്ത്രമണയ്ക്കെ
വായുമുട്ടി മിടിപ്പിൻ താളം
അവതാള ചൊൽക്കെട്ടാകെ:

പാപമോചനക്കടം തീർക്കാൻ
നെഞ്ചിൽ കൈയിടിച്ചോർമ്മയിൽ
നെഞ്ചോടുച്ചേർത്തു തലോടാതെ
മുഷ്ടിയാൽ കഠിനമർദ്ദനത്തിൽ
പ്രാണക്കിളിയെ കൂട്ടിൽ മടക്കേ
കൂട്ടാരുടെ സംഘഗാനശ്ശീലിൽ
നാട്ടാർ ഈരടിച്ചിട്ട പെരുക്കും:
സ്വന്തമമ്മയെ കണ്ണീരിലാഴ്ത്താൻ
പുനർജന്മപത്രം ചില്ലിട്ടുച്ചാർത്തി
തൂണിൽ തറയ്ക്കും കശ്മലൻ!
***********************************************